**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ. അഭിലാഷ്. വി.വി യുടെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

==================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.3570 /2016/തസ്വഭവ തിരുവനന്തപുരം, തീയതി,31/12/2016

==================================================

പരാമർശം: 1) 14.6.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2) ശ്രീ. അഭിലാഷ്. വി.വി യുടെ 19.10.2007 ലെ ശൂന്യവേതനാവധിയപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 26.04.2016 ലെ ഇ 6-10711/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ. അഭിലാഷ്. വി.വി യുടെ 22.10.2007 മുതൽ 07.06.2008 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ. അഭിലാഷ്. വി.വി 26.06.2006 ന് സേവനത്തിൽ പ്രവേശിച്ചു. ശ്രീ. അഭിലാഷ്. വി.വി മെഡിക്കൽ സർട്ടിഫിക്കറ്റും 07.06.2008 തീയതിയിലുള്ള ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റും സമർപ്പിയ്ക്കുയുണ്ടായി. എന്നാൽ രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടമായതിനാൽ പരാമർശം (1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിക്ക് അർഹതയില്ല. ശ്രീ. അഭിലാഷ്. വി.വി യ്ക്ക് നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച 60 ദിവസത്തെ ശൂന്യവേതനാവധി റദ്ദാക്കിയതായി സൂചന (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(മറുപുറം...)**

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ. അഭിലാഷ്. വി.വി യുടെ 22.10.2007 മുതൽ 07.06.2008 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് 20.10.2007, 21.10.2007 എന്നീ പൊതുഅവധി ദിവസങ്ങൾ പ്രിഫിക്സ് ചെയ്തും 08.06.2008 (ഞായർ) സഫിക്സ് ചെയ്തും കെ.എസ്.ആർ, ഭാഗം I ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ. അഭിലാഷ്. വി.വി, മുൻ ക്ലാർക്ക്, നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(76/ഇപിഎ 1/2016/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ